# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3732 17.10.2011 - ൽ മറുപടിക്ക്

### തൃക്കരിപ്പൂർ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ
(തൃക്കരിപ്പൂർ)

നീലേശ്വരം മുൻസിപ്പാലിറ്റിയിലെയും വലിയപറമ്പ്, പടന്ന, തൃക്കരിപ്പൂർ, ചെറുവള്ളൂർ എന്നീ പഞ്ചായത്തുകളിലെയും തീരദേശങ്ങളിൽ വസിക്കുന്നവർ അനുഭവിക്കുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കേരളവാട്ടർ അതോറിറ്റി തയ്യാറാക്കിയ കുടിവെള്ള പദ്ധതിക്കുള്ള പ്രൊപ്പോസൽ അംഗീകാരം നൽകി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

**മറുപടി**

ശ്രീ. പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

നടപടി സ്വീകരിച്ചുവരുന്നു. നീലേശ്വരം മുൻസിപ്പാലിറ്റിയിൽ നിലവിൽ 27 ചെറുകിട കുടിവെള്ള പദ്ധതികളിലൂടെ 15038 പേർക്ക് കുടിവെള്ളം ലഭ്യമാക്കുന്നുണ്ട്. സ്രോതസ്സുകളുടെ കുറഞ്ഞ ജല ലഭ്യതയും വേനൽക്കാലത്ത് അവ വറ്റിപ്പോകുന്നതും മൂലവും പദ്ധതികൾ സ്ഥായിയായി നിലനിൽക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നു. ആയതിനാൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി 72000 ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന 24 കോടി രൂപയുടെ കുടിവെള്ള പദ്ധതിക്ക് വേണ്ടിയുള്ള പ്രിലിമിനറി എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

തൃക്കരിപ്പൂർ പഞ്ചായത്തിൽ 21 ഉം പടന്ന പഞ്ചായത്തിൽ 3 ഉം വലിയ പറമ്പ് പഞ്ചായത്തിൽ 15 ഉം ചെറുവള്ളൂർ പഞ്ചായത്തിൽ 30 ഉം പദ്ധതികളിലൂടെയും 52611 പേർക്ക് കുടിവെള്ളം ലഭ്യമാക്കുന്നുണ്ട്. ഈ സ്കീമുകൾ അപര്യാപ്തമായതിനാൽ കൂടുതൽ പേർക്ക് പ്രയോജനം ലഭിക്കുന്നതിനു വേണ്ടി ഏകദേശം 155548 പേർക്ക് പ്രയോജനം ലഭിക്കുന്ന 39 കോടി രൂപയ്ക്കുള്ള കുടിവെള്ള പദ്ധതിയുടെ പ്രിലിമിനറി എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

സെക്ഷൻ ആഫീസർ